സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 29.05.2021

നമ്പർ. C2/33619/20/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതികം-വിദ്യാഭ്യാസം -സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് -അക്കാദമിക് (എ )സെക്ഷൻ - - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പോളിടെക്നിക് കോളേജുകൾ, ഗവ: കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ , ഗവ: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ 2021 - 2022 അധ്യയന വർഷത്തെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നത് - നിർദ്ദേശം നല്കുന്നത് -സംബന്ധിച്ച് .

സൂചന :- 15 .05.2021 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പോളിടെക്നിക് കോളേജുകൾ, സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ , ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് കേന്ദ്രങ്ങൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2021-22 അധ്യയന വർഷത്തേക്കുള്ള ക്ലാസ്സുകൾ 2021 ജൂൺ 1 ന് തന്നെ ആരംഭിക്കുന്നതാണ്.. ലോക്ക് ഡൗണിന്റെയും കോവിഡ് നിയന്ത്രണങ്ങളുടെയും പശ്ചാത്തലത്തിൽ അധ്യാപകർ ഓൺലൈനായി ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടതാണ്.

1) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിൽ നിറുത്തി വച്ചിരുന്ന S2 , S4 , S6 സെമസ്റ്റർ ഡിപ്ലോമ ഓൺലൈൻ ക്ലാസ്സുകൾ ജൂൺ 1 മുതൽ പുനരാരംഭിക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ കോളേജിൽ എത്തി ക്ലാസ്സുകൾ സുഗമമായി നട<u>ത്തു</u>ന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്.

2) ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് സ്ഥാപനങ്ങളിൽ നടന്നുവരുന്ന ഓൺലൈൻ ക്ലാസുകൾ/ പ്രോജക്ട് വർക്കുകൾ എന്നിവ ജൂൺ ഒന്നുമുതൽ തുടരേണ്ടതാണ്.

3) ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നടന്നുവരുന്ന S2 /S4 ക്ലാസുകൾ ജൂൺ1 മുതൽ തുടരേണ്ടതാണ് .

രാവിലെ 8.30 മുതൽ വൈകുന്നേരം 3.30 വരെയുള്ള സമായത്തിനിടയ്ക്ക് ചുവടെ പറയുന്ന ഏതെങ്കിലും സമയക്രമത്തിൽ ക്ലാസ്സുകൾ നടത്താവുന്നതാണ് .

- രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് ശേഷം 1.30 വരെ
- രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ
- രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ

എല്ലാ ദിവസവും ചുരുങ്ങിയത് രണ്ടു മണിക്കൂർ എങ്കിലും ഓൺലൈൻ ക്ലാസ്സുകൾ ഉണ്ടായിരിക്കേണ്ടതാണ്. ബാക്കി സമയങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠന സഹായകരമായ മറ്റ് കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. വെള്ളിയാഴ്ച ദിവസങ്ങളിൽ ക്ലാസ്സുകൾ നിലവിൽ തുടർന്ന് വരുന്ന രീതി തുടരേണ്ടതാണ്. വിദ്യാർത്ഥികൾക്ക് കൂടി സൗകര്യപ്രദമായ രീതിയിൽ ക്ലാസ്സുകൾ ക്രമീകരിക്കാൻ സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓരോ അദ്ധ്യാപകനും എടുത്ത ക്ലാസ്സുകൾ സംബന്ധിച്ച റിപ്പോർട്ട് ആഴ്ചയിൽ ഒരിക്കൽ വകുപ്പ്

Draft #10 of File C2/33619/20/DTE Approved by Senior Joint Director (PS) on 29-May-2021 09:10 AM - Page 1

മേധാവികൾ/ പ്രിൻസിപ്പൽമാർക്ക് നൽകേണ്ടതാണ്.

എല്ലാ സ്ഥാപനങ്ങളിലും കുറ്റമറ്റ രീതിയിൽ അധ്യയനം നടക്കുന്നുണ്ടെന്ന് അതാത് സ്ഥാപനമേധാവികൾ ഉറപ്പു വരുത്തേണ്ടതാണ്. അധ്യാപകരും വിദ്യാർത്ഥികളും ജീവനക്കാരും സർക്കാരിന്റെ കോവിഡ് സംബന്ധമായ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ശശികുമാർ കെ.എൻ
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ മാരുടെയും /ഐ എച്ച് ആർ ഡി ഡയറക്ടറുടേയും /സർക്കാർ കൊമേഴ്സ്യൽ സ്ഥാപനമേധാവികളുടെയും /ഗവൺമെന്റ് ഫാഷൻ ഡിസൈനിങ് സ്ഥാപനമേധാവികളുടെയും അറിവിലേയ്ക്കായി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #10 of File C2/33619/20/DTE Approved by Senior Joint Director (PS) on 29-May-2021 09:10 AM - Page 2